"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം, വാർഡ് 2, ബ്ലോക്ക് 6, ടി.എസ്. 168/4, 168/6, 170/7 എന്നീ സർവെ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെക്ടർ (1.139 ഏക്കർ) ഭൂമിയിൽ നിന്നും, 168/4 സർവ്വേ നമ്പർ ഭൂമിയിലൂടെ ഒഴുകുന്ന തോടും ആയതിനോട് ചേർന്ന ഭൂമിയും പുറമ്പോക്ക് ആക്കി നിലനിർത്തി കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി നാമമാത്ര പാട്ടനിരക്കിന് നിബന്ധനകൾക്ക് വിധേയമായി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### റവന്യൂ (എൽ) വകുപ്പ്

സ.ഉ.(കൈ) നം.30/2026/RD    തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:- 1. കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് സെക്രട്ടറിയുടെ 13.05.2025-ലെ അപേക്ഷ.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.08.2025-ലെ LR/7862/2025-LR(J10) നമ്പർ കത്ത്.

### ഉത്തരവ്

കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം, വാർഡ് 2, ബ്ലോക്ക് 6, ടി.എസ്. 168/4, 168/6, 170/7 എന്നീ സർവെ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെക്ടർ (1.139 ഏക്കർ) ഭൂമി കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം നിർമ്മിക്കുന്നതിനായി അനുവദിക്കണമെന്ന് കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS) സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു.

2. മേൽ വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അപേക്ഷക്കാസ്പദമായ ഭൂമി കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവെ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) സർക്കാർ ഭൂമിയാണ്. പതിവിനുള്ള ആവശ്യമായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് "commercial or charitable purpose" എന്നാണ്. ആയത്, 1995-ലെ കേരള മുനിസിപ്പൽ - കോർപറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ, ചട്ടം 3 ൽ പതിച്ചു നൽകുന്നതിനുള്ള പർപ്പസുകളിൽ പരാമർശിച്ചിട്ടുള്ളതാണ്. അപേക്ഷക്കൊപ്പം അപേക്ഷകർ തയ്യാറാക്കിയ സ്കെച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്.

3. അടങ്കൽ പ്രകാരം പ്രസ്തുത ഭൂമി "പുറമ്പോക്ക് ഭൂമി , കേരള വാട്ടർ അതോറിറ്റി" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബ്ലോക്ക് 6-ന്റെ സ്കെച്ച്, അപേക്ഷക്കാസ്പദമായ ഭൂമിയുടെ ടോപ്പോസ്കെച്ച് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഭൂമി നിലവിൽ അപേക്ഷകർ കൈവശം വച്ച് വരുന്നില്ല. അപേക്ഷക്കാസ്പദമായ എല്ലാ സർവെ നമ്പറുകളും ഉൾപ്പെട്ടുവരുന്ന ഭൂമിയുടെ അതിരുകളാണ് മഹസ്സറിൽ പരാമർശിച്ചിട്ടുള്ളത്. ആയത് പ്രകാരം വടക്ക്, കിഴക്ക്, തെക്ക് അതിരുകളിൽ റോഡ്, പടിഞ്ഞാറ് KSRTC Bus Stand എന്നിവ സ്ഥിതി ചെയ്യുന്നു.

4. ടി ഭൂമിയുടെ തരം "നഞ്ച " എന്ന് മഹസ്സറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വസ്തുവിൽ ഒരു കോൺക്രീറ്റ് കെട്ടിടവും, 16 വർഷം പഴക്കമുള്ള കായ്ഫലമുള്ള തെങ്ങും ഉള്ളതാണ്. ടി ഭൂമി മതിൽ കെട്ടി വേർതിരിച്ചിട്ടുള്ളതാണ്. ടി ഭൂമി തലശ്ശേരി-കണ്ണൂർ നാഷണൽ ഹൈവേയിൽ നിന്നും 100 മീ. കിഴക്ക് മാറിയും തലശ്ശേരി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന് കിഴക്ക് വശത്തായും സ്ഥിതി ചെയ്യുന്നതാണ്. പ്രസ്തുത ഭൂമിയിൽ വാട്ടർ അതോറിറ്റിയുടെ ഓഫീസായി മുൻപ് പ്രവർത്തിച്ചിരുന്ന ഒരു പഴയ കെട്ടിടം നിലവിൽ ഉപയോഗിക്കാത്ത നിലയിൽ സ്ഥിതി ചെയ്യുന്നുണ്ട്. പതിവ് അപേക്ഷക്കാസ്പദമായ സർവെ നമ്പറുകളിൽ ഉൾപ്പെടുന്ന ടി.എസ് 168/4-ലെ 0.0440 ഹെ. (10.88 സെന്റ്) ഭൂമിക്ക് കുറുകെയായി ഒരു നീർച്ചാൽ (തോട്) ഒഴുകുന്നുണ്ട്.

5. സർക്കാർ ഭൂമിയായതിനാൽ ന്യായവില നിർണ്ണയിച്ചിട്ടില്ലാത്തതാണ്. ടി. ഭൂമിയിലേക്ക് വടക്ക്, കിഴക്ക്, അതിർത്തിയായി റോഡ് സൗകര്യമുണ്ട്. പതിവ് അപേക്ഷക്കാസ്പദമായ വില നിർണ്ണയം നടത്തേണ്ട ഭൂമിക്ക് സമവും സമാനവുമായ സ്വഭാവമുള്ള തലശ്ശേരി അംശം വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 5, ടി.എസ് 164-ൽപ്പെട്ട സ്വകാര്യ കൈവശ ഭൂമിയാണ് വില നിർണ്ണയത്തിനായി തലശ്ശേരി തഹസിൽദാർ പരിഗണിച്ചിട്ടുള്ളത്. ടി ഭൂമിയിലേക്ക് അതിർത്തിയായി റോഡ് സൗകര്യമുണ്ട്. ആയതു കൊണ്ടു വാർഡ് 2, ബ്ലോക്ക് 5. ടി.എസ് 164-ൽപ്പെട്ട റോഡ് സൗകര്യമുള്ള തോട്ട ഭൂമിക്ക് നിശ്ചയിച്ച വിലയായ ഒരു ആറിന് 11,61,600/-രൂപ (പതിനൊന്ന് ലക്ഷത്തി അറുപത്തിയോരായിരത്തി അറുന്നൂറ് രൂപ) എന്ന നിരക്ക് അപേക്ഷാഭൂമിക്കും കണക്കാക്കാവുന്നതാണ്. ആയത് പ്രകാരം തയ്യാറാക്കിയ വില നിർണ്ണയ റിപ്പോർട്ട് പ്രകാരം 0.4613 ഹെ. ഭൂമിയുടെ വില 11,61,600X46.13= 5,35,84,608/- (അഞ്ച് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തിനാലായിരത്തി അറുന്നൂറ്റി എട്ട് രൂപ മാത്രം) രൂപയാണ് നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വില നിർണ്ണയം പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് അധികൃതർ മുഖാന്തിരം നടത്താവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. കേരള വാട്ടർ അതോറിറ്റിയുടെ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ ഭൂമി ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ളതാണെന്നും തലശ്ശേരി കടിവെള്ള വിപുലീകരണ പദ്ധതിക്ക് വേണ്ടി നിർമ്മിച്ച ജല സംഭരണിയും പമ്പ് ഹൗസും അനുബന്ധ കെട്ടിടവും സ്ഥിതി ചെയ്യുന്നുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും, water course സ്ഥിതി ചെയ്യുന്നതും, "നഞ്ച" ഇനത്തിൽപ്പെട്ടതുമായ ഭൂമിയായതിനാലും കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവെ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) ഭൂമി കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് പതിച്ചു നൽകുന്നത് സംബന്ധിച്ച് ജലവിഭവവകുപ്പുമായി കൂടിയാലോചിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തു.

7. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം, വാർഡ് 2, ബ്ലോക്ക് 6, ടി.എസ്. 168/4, 168/6, 170/7 എന്നീ സർവെ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെക്ടർ (1.139 ഏക്കർ) ഭൂമിയിൽ നിന്നും, 168/4 സർവെ നമ്പർ ഭൂമിയിലൂടെ ഒഴുകുന്ന തോടും ആയതിനോട് ചേർന്ന ഭൂമിയും പുറമ്പോക്ക് ആക്കി നിലനിർത്തി, നീരൊഴുക്കിന് തടസ്സം വരാത്ത രീതിയിൽ, കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി നാമമാത്ര പാട്ടനിരക്കായ, ആർ ഒന്നിന് പ്രതിവർഷം നൂറു രൂപ നിരക്കിൽ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii. ഭൂമിയിൽ നിലനിൽക്കുന്ന കെട്ടിടത്തിന്റെ വിലനിർണ്ണയം പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് അധികൃതർ മുഖാന്തിരം നടത്തി, തുക കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS) കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ടതാണ്;

iii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iv. ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നല്കുവാനോ ദുരുപയോഗപ്പെടുത്തുവാനോ പാടുള്ളതല്ല;

v. ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS) തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;

vi. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ ജില്ലാ കളക്ടറുടെ മുൻകൂട്ടി അനുവാദം വാങ്ങിയ ശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി വൃക്ഷത്തൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതുമാണ്;

vii. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

viii. ഭാവിയിൽ പ്രസ്തുത ഭൂമി സർക്കാരിന് ആവശ്യമായി വരുന്ന പക്ഷം നിരുപാധികം സർക്കാരിന് തിരികെ നൽകേണ്ടതാണ്;

ix. മേല്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

8. ഇതുമായി ബന്ധപ്പെട്ടുള്ള നിയമാനുസൃത തുടർനടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്), കേരളം, തിരുവനന്തപുരം

സെക്രട്ടറി, കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS), സി.എച്ച്. കണാരൻ സ്മാരകമന്ദിരം, തലശ്ശേരി, കണ്ണൂർ

ജലവിഭവ വകുപ്പ് (WS-C2/132/2025-WRD പ്രകാരം)

നിയമ വകുപ്പ് (13.01.2026-ലെ OPN-G2/4/2026-LAW പ്രകാരം)

തദ്ദേശസ്വയംഭരണ വകുപ്പ്(13.01.2026-ലെ RE3/5/2026/LSGD പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (14.01.2026-ലെ 3548-ആം ഇനം മന്ത്രിസഭായോഗ തീരുമാനം പ്രകാരം)

വിവര പൊതുസമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by Priya Vincent
Date: 20-01-2026 12:07:52

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-01-2026

ഫയൽ നം. REV-L2/66/2025/REV. ഇനം നം: 3548

വിഷയം : റവന്യൂ വകുപ്പ് - കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ്.168/4, 168/6, 170/7 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) ഭൂമി നിബന്ധനകൾക്ക് വിധേയമായി കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് പതിച്ചു നൽകുന്നത്/പാട്ടത്തിന് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) അംഗീകരിച്ചു.

(2). ഭൂമി മുപ്പത് വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3548

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | REV-L2/66/2025-REV |
| 2. | വകുപ്പ് | റവന്യൂ (എൽ) വകുപ്പ് |
| 3. | വിഷയം | കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) ഭൂമി നിബന്ധനകൾക്ക് വിധേയമായി കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് പതിച്ചു നൽകുന്നത്/പാട്ടത്തിന് നൽകുന്നത്-സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 08.10.2025 (മന്ത്രിസഭായോഗ തീരുമാനം) |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>നിയമ വകുപ്പ്<br>തദ്ദേശസ്വയംഭരണ വകുപ്പ് |

| | | |
|---|---|---|
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. അനു. എസ്. നായർ |
| 8. | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്യം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.01.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13.01.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13.01.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) ഭൂമി നിബന്ധനകൾക്ക് വിധേയമായി കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് പതിച്ച് നൽകുന്നത്/പാട്ടത്തിന് നൽകുന്നത് സംബന്ധിച്ചാണീ കുറിപ്പ്.

2. തലശ്ശേരി വില്ലേജിലെ വാർഡ്: 2, ബ്ലോക്ക്: 6, തലശ്ശേരി കെഎസ്ആർടിസി ഡിപ്പോയുടെ സമീപത്തുള്ളതും തലശ്ശേരി മുനിസിപ്പാലിറ്റി വാട്ടർ അതോറിറ്റിക്ക് കൈമാറിയതുമായ TS No. 168/4, 168/6, 170/7, 1 ഏക്കർ 13.9 സെന്റ് ഭൂമി അനുവദിക്കണമെന്ന് സൊസൈറ്റി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

3. ഈ വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം അപേക്ഷക്കാസ്പദമായ ഭൂമി കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) സർക്കാർ ഭൂമിയാണ്. ടി അപേക്ഷ പ്രകാരം പതിവിനുള്ള ആവശ്യമായി രേഖപ്പെടുത്തിയിരിക്കുന്നത് "commercial or charitable purpose" എന്നാണ്. ആയത്, 1995-ലെ കേരള മുനിസിപ്പൽ - കോർപറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ, ചട്ടം 3 ൽ പതിച്ചുനൽകുന്നതിനുള്ള പർപ്പസുകളിൽ പരാമർശിച്ചിട്ടുള്ളതാണ്. അടങ്കൽ പ്രകാരം പ്രസ്തുത ഭൂമി " പുറമ്പോക്ക് ഭൂമി , കേരള വാട്ടർ അതോറിറ്റി" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബ്ലോക്ക് 6-ന്റെ സ്കെച്ച്, അപേക്ഷക്കാസ്പദമായ ഭൂമിയുടെ

ടോപ്പോസ്കെച്ച് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഭൂമി നിലവിൽ അപേക്ഷകർ കൈവശം വച്ച് വരുന്നില്ല. അപേക്ഷക്കാസ്പദമായ എല്ലാ സർവ്വേ നമ്പറുകളും ഉൾപ്പെട്ടുവരുന്ന ഭൂമിയുടെ അതിരുകളാണ് മഹസ്സറിൽ പരാമർശിച്ചിട്ടുള്ളത്. ആയത് പ്രകാരം വടക്ക്, കിഴക്ക്, തെക്ക് അതിരുകളിൽ റോഡ് , പടിഞ്ഞാറ് KSRTC bus stand സ്ഥിതി ചെയ്യുന്നു. ടി ഭൂമിയുടെ തരം "നഞ്ച" എന്ന് മഹസ്സറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വസ്തുവിൽ ഒരു കോൺക്രീറ്റ് കെട്ടിടവും, 16 വർഷം പഴക്കമുള്ള കായ്ഫലമുള്ള തെങ്ങും ഉള്ളതാണ്. ടി ഭൂമി മതിൽ കെട്ടി വേർതിരിച്ചിട്ടുള്ളതാണ്. ടി ഭൂമി തലശ്ശേരി-കണ്ണൂർ നാഷണൽ ഹൈവേയിൽ നിന്നും 100 മീ. കിഴക്ക് മാറിയും തലശ്ശേരി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന് കിഴക്ക് വശത്തായും സ്ഥിതി ചെയ്യുന്നതാണ്. പ്രസ്തുത ഭൂമിയിൽ വാട്ടർ അതോറിറ്റിയുടെ ഓഫീസായി മുൻപ് പ്രവർത്തിച്ചിരുന്ന ഒരു പഴയ കെട്ടിടം നിലവിൽ ഉപയോഗിക്കാത്ത നിലയിൽ സ്ഥിതി ചെയ്യുന്നുണ്ട്. പതിവ് അപേക്ഷക്കാസ്പദമായ സർവെ നമ്പറുകളിൽ ഉൾപ്പെടുന്ന ടി.എസ് 168/4-ലെ 0.0440 ഹെ.(10.88 സെന്റ്) ഭൂമിക്ക് കുറുകെയായി ഒരു നീർച്ചാൽ (തോട്) ഒഴുകുന്നുണ്ട്. കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസിനു ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് നിരാക്ഷേപ പത്രം ലഭ്യമാക്കാൻ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് തലശ്ശേരി തഹസിൽദാർ ആവശ്യപ്പെട്ടിരുന്നെങ്കിലും തലശ്ശേരി കുടിവെള്ള വികസന പദ്ധതിക്കായി നിർമ്മിച്ച KWA -യുടെ ജലസംഭരണി പമ്പ് ഹൌസ്, അനുബന്ധ കെട്ടിടങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലമായതിനാലും തലശ്ശേരി സബ് ഡിവിഷൻ ഓഫീസ് കെട്ടിടത്തിന്റെയും കൊടുവള്ളി സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെയും കാലപ്പഴക്കം കാരണം ഓഫീസുകൾ പ്രസ്തുത സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിനാലും നിലവിൽ വാട്ടർ അതോറിറ്റിയുടെ സ്റ്റോറും അവിടെ പ്രവർത്തിച്ചു വരുന്നതിനാലും ഭാവിയിൽ മുനിസിപ്പാലിറ്റിയുടെ കുടിവെള്ള വിതരണവുമായുള്ള

വികസന പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ ഉതകുന്ന രീതിയിലുള്ളതിനാലും ടി ഭൂമി ശ്രീ.കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസിന് നല്കാനുള്ള ആവശ്യം പരിഗണിക്കാനാവില്ലെന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ തഹസിൽദാരെ അറിയിച്ചിരുന്നു. സർക്കാർ ഭൂമിയായതിനാൽ ന്യായവില നിർണ്ണയിച്ചിട്ടില്ലാത്തതാണ്. ടി ഭൂമിയിലേക്ക് വടക്ക്, കിഴക്ക്, അതിർത്തിയായി റോഡ് സൗകര്യമുണ്ട്. പതിവ് അപേക്ഷക്കാസ്പദമായ വില നിർണ്ണയം നടത്തേണ്ട ഭൂമിക്ക് സമവും സമാനവുമായ സ്വഭാവമുള്ള തലശ്ശേരി അംശം വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 5, ടി.എസ് 164-ൽപ്പെട്ട സ്വകാര്യ കൈവശ ഭൂമിയാണ് വില നിർണ്ണയത്തിനായി തലശ്ശേരി തഹസിൽദാർ പരിഗണിച്ചിട്ടുള്ളത്. ടി ഭൂമിയിലേക്ക് അതിർത്തിയായി റോഡ് സൗകര്യമുണ്ട്. ആയതു കൊണ്ടു വാർഡ് 2, ബ്ലോക്ക് 5. ടി.എസ് 164-ൽപ്പെട്ട റോഡ് സൗകര്യമുള്ള തോട്ട ഭൂമിക്ക് നിശ്ചയിച്ച വിലയായ ഒരു ആറിന് 11,61,600/-രൂപ (പതിനൊന്ന് ലക്ഷത്തി അറുപത്തിയോരായിരത്തി അറുന്നൂറ് രൂപ) എന്ന നിരക്ക് കൈമാറാൻ അപേക്ഷിച്ചിരിക്കുന്ന ഭൂമിക്കും കണക്കാക്കാവുന്നതാണ്. ആയത് പ്രകാരം തയ്യാറാക്കിയ വില നിർണ്ണയ റിപ്പോർട്ട് പ്രകാരം 0.4613 ഹെ. ഭൂമിയുടെ വില 11,61,600X46.13= 5,35,84,608/- (അഞ്ച് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തിനാലായിരത്തി അറുന്നൂറ്റി എട്ട് രൂപ മാത്രം) രൂപയാണ് നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വില നിർണ്ണയം പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് അധികൃതർ മുഖാന്തിരം നടത്താവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

4. കേരള വാട്ടർ അതോറിറ്റിയുടെ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ ഭൂമി ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ളതാണെന്നും തലശ്ശേരി കടിവെള്ള വിപുലീകരണ പദ്ധതിക്ക് വേണ്ടി നിർമ്മിച്ച ജല സംഭരണിയും പമ്പ് ഹൌസും അനുബന്ധ

കെട്ടിടവും സ്ഥിതി ചെയ്യുന്നുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും, water course സ്ഥിതി ചെയ്യുന്നതും, "നഞ്ച" ഇനത്തിൽപ്പെട്ടതുമായ ഭൂമിയായതിനാലും കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) ഭൂമി കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് പതിച്ചു നൽകുന്നത് സംബന്ധിച്ച് ജലവിഭവവകുപ്പുമായി കൂടിയാലോചിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

5. വാട്ടർ അതോറിറ്റിക്ക് സൗജന്യമായോ അല്ലെങ്കിൽ റവന്യൂ വകുപ്പിന് വില ഈടാക്കാതെ നൽകാനോ ചട്ടപ്രകാരം സാധ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ പ്രത്യേക തീരുമാനം സ്വീകരിക്കുന്നതിനായി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശിപാർശ ചെയ്തതനുസരിച്ച ജലവിഭവ വകുപ്പിൽ നിന്നും 08.10.2025-ലെ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി ഫയൽ സമർപ്പിച്ചിരുന്നു. വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള ഭൂമി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് ചാരിറ്റബിൾ സൊസൈറ്റിക്ക് കൈമാറുന്ന വിഷയത്തിൽ, ഭൂമി കൈമാറ്റം സംബന്ധിച്ച വിഷയമായതിനാൽ റവന്യൂ വകുപ്പ് മന്ത്രിസഭാകുറിപ്പുകൾ സമർപ്പിക്കേണ്ടതാണ് എന്ന് 08.10.2025-ലെ ഇനം 3308 ആയി മന്ത്രിസഭ തീരുമാനം കൈക്കൊണ്ടു.

6. 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള പതിവ് ചട്ടങ്ങളിലെ ചട്ടം 6(2) (iv) പ്രകാരം പൊതു ആവശ്യത്തിനായി നിലവിലും ഭാവിയിലും ആവശ്യമായി വരുന്ന ഭൂമികൾ പതിച്ചു കൊടുക്കാൻ കഴിയില്ല. കൂടാതെ, ടി ഭൂമിയിൽ കൂടി തോട് കടന്നു പോകുന്നുണ്ട്. 'നഞ്ച' ഇനത്തിലെ ഭൂമിയാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218-ആം വകുപ്പ് പ്രകാരം എല്ലാ പൊതുജലമാർഗ്ഗങ്ങളും അതിനോട് ചേർന്ന് കിടക്കുന്ന ഭൂമി എന്നിവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 1995 ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച ചട്ടങ്ങളിൽ, തോട് പതിച്ചു കൊടുക്കുന്നതിനു വ്യവസ്ഥയില്ല.

7. ഈ സാഹചര്യത്തിൽ അനുയോജ്യമായ മറ്റു ഭൂമികൾ ലഭ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടറോട് ശുപാർശ ചെയ്യാവുന്നതാണോ അതോ ജലവിഭവ വകുപ്പുമായി കൂടിയാലോചിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഇറിഗേഷൻ വകുപ്പ് മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ച വിഷയമായതിനാൽ വകുപ്പിന് ആക്ഷേപമില്ല എന്ന് കാണാവുന്നതാണ് എന്നും മേൽസാഹചര്യത്തിൽ മന്ത്രിസഭാ തീരുമാനത്തിനുള്ള കുറിപ്പ് തയ്യാറാക്കി സമർപ്പിക്കുവാനും ബഹു. റവന്യൂ വകുപ്പ് മന്ത്രി ഉത്തരവായി.

8. തുടർന്ന് ചുവടെപ്പറയുന്ന വിവരങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി.

"ടി ഭൂമി നഞ്ച തരമുള്ള ഭൂമിയാണ്. ഭൂമി തരം മാറ്റം നടത്താതെ അവിടെ കെട്ടിട നിർമ്മാണവും സാധ്യമല്ല. മാത്രമല്ല ടി ഭൂമിയിൽ നിലവിൽ ഒരു തോട് സ്ഥിതി ചെയ്യുന്നുണ്ട്.

തോട്ടം അനുബന്ധ പുറമ്പോക്കും പഞ്ചായത്ത് രാജ് / നഗരപാലിക നിയമപ്രകാരം അതത് തദ്ദേശ സർക്കാറിൽ നിക്ഷിപ്തമാണ്. ആയത് പതിച്ച നൽകുന്നത് നിയമപരമല്ല. തോട് കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ളവ സ്ഥിതി ചെയ്യുന്ന പട്ടണത്തിലെ KSRTC ബസ് സ്റ്റാൻഡിനോട് ചേർന്നുള്ള സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയുക്തമാക്കാവുന്ന ഭൂമി ഒരു സ്വകാര്യ സ്ഥാപനത്തിന് നൽകുന്നതിന് പൊതു താത്പര്യമില്ലാത്തതിനാൽ 1995 ലെ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം തേടുന്നത് ഉചിതമായിരിക്കും. ആയതിനാൽ നിയമ വകുപ്പ് കൂടി പരിശോധിക്കുന്നത് ഉചിതമായിരിക്കും. സാധാരണ ഗതിയിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ച നൽകാറില്ല. പാട്ടത്തിനാണ് ഭൂമി നൽകുന്നത്. ഈ ഫയലിൽ ധന വകുപ്പിന്റെയും തദ്ദേശ ഭരണ വകുപ്പിന്റെയും അഭിപ്രായവും ആരാഞ്ഞിട്ടില്ല ചട്ട പ്രകാരം ആയതും ആവശ്യമാണ്."

9. ഫയൽ ചംക്രമണം ചെയ്തപ്പോൾ, റവന്യൂ സെക്രട്ടറി ഉന്നയിച്ച വിഷയങ്ങൾ പരിഗണിച്ച് നിലവിലുള്ള തോട്, പുറമ്പോക്ക് ആക്കി നിലനിർത്തി, ശേഷിക്കുന്ന ഭൂമി നാമമാത്രമായ നിരക്കിൽ പാട്ടത്തിന് നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതു സംബന്ധിച്ച് ഉത്തരവിനായി ബഹു റവന്യൂ വകുപ്പ് മന്ത്രി ബഹു. ധനകാര്യ വകുപ്പ് മന്ത്രി മുഖേന ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി.

10. ധനകാര്യ വകുപ്പ് ചുവടെപ്പറയുംവിധം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി

"കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) ഭൂമി കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായി

കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് പതിച്ചു നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട് എന്ന വിവരത്തോടെ ഭരണ വകുപ്പ് ഫയൽ തിരികെ നല്കുന്നു'

11. തലശ്ശേരി വില്ലേജിലെ വാർഡ്: 2, ബ്ലോക്ക്: 6, തലശ്ശേരി കെഎസ്ആർടിസി ഡിപ്പോയുടെ സമീപത്തുള്ളതും തലശ്ശേരി മുനിസിപ്പാലിറ്റി വാട്ടർ അതോറിറ്റിക്ക് കൈമാറിയതുമായ TS No. 168/4, 168/6, 170/7, 1 ഏക്കർ 13.9 സെന്റ് ഭൂമി, പ്രസ്തുത ഭൂമിയിലെ തോട് പുറമ്പോക്ക് ആക്കി നിലനിർത്തി, ശേഷിക്കുന്ന ഭൂമി നാമമാത്രമായ നിരക്കിൽ പാട്ടത്തിന് നൽകുന്ന വിഷയത്തിൽ, നിയമം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ അഭിപ്രായം കൂടെ ആരായേണ്ടതുണ്ടോ അതോ ടി. വകുപ്പുകളുടെ അഭിപ്രായം ഇല്ലാതെ തന്നെ ഈ വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാവുന്നതാണോ എന്ന് ഉത്തരവിനായി ഫയൽ ബഹു റവന്യൂ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി.

12. 8.10.25 ലെ മന്ത്രിസഭാ യോഗത്തിൽ (ഇനം 3308 ) റവന്യൂ വകുപ്പ് കുറിപ്പ് സമർപ്പിക്കണമെന്ന് തീരുമാനിച്ച സാഹചര്യത്തിൽ മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പുകൾ അടിയന്തരമായി സമർപ്പിക്കുവാൻ ബഹു. റവന്യൂ വകുപ്പ് മന്ത്രി ഉത്തരവ് നൽകി.

13. ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവെ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) ഭൂമി കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് പതിച്ചു നൽകുന്നതിന് 1995 ലെ കേരള മുൻസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 21

പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് ഫയൽ നൽകിയിരിക്കുന്നത്.

1995 ലെ കേരള മുൻസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 21 ചുവടെ പറയും പ്രകാരമാണ്.-

" Rule - 21. Special provisions regarding assignment.

Notwithstanding anything contained in these rules, the Government may:-

1. authorise any officer to exercise the powers and functions which may be exercised by the Assigning Authority; and

(ii) if they consider it necessary so to do in public interest, assign land subject to such terms and conditions, if any, as may be imposed."

ഭരണ വകുപ്പിന്റെ ഫയലിൽ നിന്നും ടി ഭൂമി നഞ്ച തരമുള്ള ഭൂമിയാണ് എന്ന് കാണുന്നു. ഭൂമി തരം മാറ്റം നടത്താതെ അവിടെ കെട്ടിട നിർമ്മാണവും സാധ്യമല്ല. മാത്രമല്ല ടി ഭൂമിയിൽ നിലവിൽ ഒരു തോട് സ്ഥിതി ചെയ്യുന്നുണ്ട്. തോടും അനുബന്ധ പുറമ്പോക്കും പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി നിയമപ്രകാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 1995 ലെ കേരള മുൻസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം "പൊതുതാൽപര്യാർത്ഥം" അങ്ങനെ ചെയ്യേണ്ടത് അത്യവശ്യമാണ് എന്ന് കാണുന്നപക്ഷം അതിനു ചുമത്താവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഭൂമി പതിച്ചു നൽകാവുന്നതാണ്. കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS) എന്നത് സ്വകാര്യ സ്ഥാപനമായതിനാൽ കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവെ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) ഭൂമി പതിച്ചു നൽകുന്നതിൽ പൊതുതാൽപര്യമുണ്ടോ എന്ന് ഭരണവകുപ്പ് 1995 ലെ കേരള മുൻസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 21 (ii)ലെ വ്യവസ്ഥകൾക്കനുസൃതമായി പരിശോധിച്ച് ഉറപ്പ്

വരുത്തേണ്ടതാണ്. കൂടാതെ തോടും അനുബന്ധ പുറമ്പോക്കും പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമപ്രകാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ് എന്നതിനാൽ തദ്ദേശസ്വയം ഭരണവകുപ്പിന്റെയും കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

14. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 208 എ വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം, ഗസറ്റ് വിജ്ഞാപനം വഴി, സർക്കാരിന് മുനിസിപ്പാലിറ്റിയുമായി ആലോചിച്ചതിന് ശേഷവും അതിന് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് അർഹമായ പരിഗണന നൽകിയതിന് ശേഷവും ഏതൊരു പൊതു ജലസ്രോതസ്സിന്റെയും അതിന് തൊട്ടുള്ളതും അതോട് ചേർന്നതുമായ പൊതു ഭൂമിയുടെയും ഭരണം ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ജലസ്രോതസ്സോ ഭൂമിയോ സർക്കാരിൽ പുനർനിക്ഷിപ്തമാക്കുന്നതിനോ പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനോ മറ്റ് വിധത്തിൽ കൈമാറുന്നത് സംബന്ധിച്ചോ പ്രസ്തുത വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നില്ല.

ജലസ്രോതസ്സുകൾ അവിഭാജ്യമാണെന്നും, ജലാശയങ്ങളിൽ ഉൾപ്പെടുന്ന ഭൂമി വരണ്ടതാണെങ്കിൽപ്പോലും അന്യാധീനപ്പെടുത്തുവാൻ കഴിയില്ല എന്ന് Sarvepalli Ramaiah (D) Tr.Lrs vs District Collector Chittoor Dist (2019 (4) SCC 500) -ൽ വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. മുൻസിപ്പാലിറ്റി/ പഞ്ചായത്തിന് നിക്ഷിപ്ത അവകാശങ്ങളും പാട്ടത്തിനുള്ള വ്യവസ്ഥയും ഉണ്ടെങ്കിലും ജലസ്രോതസുകൾ സംരക്ഷിക്കേണ്ട കടമയും നഗരസഭ/ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ആയതിനാൽ ജലാശയങ്ങൾ ദുരുപയോഗം ചെയ്യാനോ, മാറ്റം വരുത്താനോ പാടില്ല എന്ന് നിയമ വകുപ്പ് ഒരു ഫയലിൽ വ്യക്തമാക്കിയിട്ടുള്ളതുമാകുന്നു.

മേൽ വസ്തുതകൾ പരിഗണിച്ച് ടി.എസ്.168/4-ൽപ്പെട്ട 0.0440 ഹെ. (10.88 സെന്റ്) ഭൂമിയ്ക്ക് കുറുകെ നിലവിലുള്ള നീർച്ചാൽ (തോട് പുറമ്പോക്ക്) സ്വകാര്യ ചാരിറ്റബിൾ സൊസൈറ്റിയ്ക്ക് കൈമാറുന്നതിനായി/ പതിച്ച നൽകുന്നതിനായി പുനർനിക്ഷിപ്തമാക്കി നൽകുവാൻ കഴിയുകയില്ല എന്ന വിവരം റവന്യൂ വകുപ്പിനെ അറിയിക്കാവുന്നതാണ്".

## തീരുമാനിക്കേണ്ട വിഷയം

1. കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തലശ്ശേരി വില്ലേജ്, വാടിക്കകം ദേശം വാർഡ് 2, ബ്ലോക്ക് 6, ടി.എസ് 168/4, 168/6, 170/7 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട 0.4613 ഹെ. (1.139 ഏക്കർ) ഭൂമിയിൽ നിന്നും, 168/4 സർവേ നമ്പർ ഭൂമിയിലൂടെ ഒഴുകുന്ന തോടും ആയതിനോട് ചേർന്ന ഭൂമിയും പുറമ്പോക്ക് ആക്കി നിലനിർത്തി, നീരൊഴുക്കിന് തടസ്സം വരാത്ത രീതിയിൽ, കോടിയേരി ബാലകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി നാമമാത്ര പാട്ടനിരക്കായ, പ്രതിവർഷം ആറിന് നൂറു രൂപ നിരക്കിൽ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS)-ന് പാട്ടത്തിന് നല്കാവുന്നതാണോ?

<u>നിബന്ധനകൾ</u>

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii. ഭൂമിയിൽ നിലനിൽക്കുന്ന കെട്ടിടത്തിന്റെ വിലനിർണ്ണയം പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് അധികൃതർ മുഖാന്തിരം നടത്തി, തുക കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS) കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ടതാണ്;

iii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iv.ഭൂമി /ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

v. ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ് (KBMASS) തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

vi. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ ജില്ലാ കളക്ടറുടെ മുൻകൂട്ടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്;

vii. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

viii. ഭാവിയിൽ പ്രസ്തുത ഭൂമി സർക്കാരിന് ആവശ്യമായി വരുന്ന പക്ഷം നിരുപാധികം സർക്കാരിന് തിരികെ നൽകേണ്ടതാണ്;

ix. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്നപക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

2. പാട്ടക്കാലാവധി നിർണയിക്കാവുന്നതാണോ?